പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.542 , 09.07.2012 - ൽ മറുപടിക്ക്

**കെ.എസ്.റ്റി.പി റോഡുകളുടെ പരിശോധന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>'' എ.പി. അബ്ദുള്ളക്കുട്ടി<br>'' സണ്ണി ജോസഫ്<br>'' കെ. അച്ചുതൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കെ.എസ്.റ്റി.പിയുടെ കീഴിലുള്ള റോഡ് നിർമ്മാണങ്ങളുടെ പരിശോധന നടത്തുവാൻ എന്തു സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; അറിയിക്കുമോ; | (എ) കെ.എസ്.റ്റി.പി.യിൽ രണ്ട് തരത്തിലുള്ള റോഡുവികസനമാണ് നടക്കുന്നത്. നിലവിലുള്ള റോഡിന്റെ വീതി കൂട്ടി റോഡ് സുരക്ഷാ പണികൾ ഉൾപ്പെടുത്തി മൊത്തത്തിലുള്ള പുനരുദ്ധാരണമാണ് ഇതിൽ ഒരു വിഭാഗത്തിൽപ്പെടുന്നത്. നിലവിലുള്ള റോഡ്, സ്ഥലം ഏറ്റെടുക്കാതെ ഉപരിതലം ബലപ്പെടുത്തി ആവശ്യാനു സരണം ഓട, കലുങ്ക് എന്നിവ പുനർ നിർമ്മിക്കലാണ് രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽപറഞ്ഞ പ്രവൃത്തികൾ എല്ലാം കർശനമായ ഗുണനിലവാര പരിശോധന നടത്തിയാണ് ചെയ്യുന്നത്. കരാറുകാരനെ തെരഞ്ഞെടുക്കുന്നത് ഉൾപ്പെടെ നിർമ്മാണത്തിന്റെ എല്ലാ ഘട്ടങ്ങളിലും നിർമ്മാണത്തിനുപയോഗിക്കുന്ന ബിറ്റുമെൻ, മെറ്റൽ, സിമെന്റ്, സ്റ്റീൽ, മണ്ണ് മുതലായ എല്ലാ സാധാനങ്ങളുടെയും ഗുണനിലവാരം മുൻകൂട്ടി പരിശോധിച്ചതിനു ശേഷമേ |

| | | |
|---|---|---|
| | | ഉപയോഗിക്കുകയുള്ളൂ. ഈ പരിശോധന നടത്തുന്നതിന് പ്രത്യേക പരിശോധന ലാബുകൾ സജ്ജീകരിക്കണമെന്ന് കരാറിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സാധനങ്ങളുടെയും റോഡിന്റെയും ഗുണനിലവാരം സംബന്ധിച്ച ആദ്യ തല പരിശോധന കെ.എസ്.ടി.പി. ഉദ്യോഗസ്ഥർ ചെയ്യുന്നു. രണ്ടാംതല പരിശോധന ബിഡ്ഡിംഗിലൂടെ പ്രത്യേകം തെരഞ്ഞെടുത്തിട്ടുള്ള വിദഗ്ധ ഏജൻസിയിലെ എഞ്ചിനീയർമാരാണ് നടത്തുന്നത്. ഈ പരിശോധന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ തുക കൊടുക്കുകയുള്ളൂ. കൂടാതെ പാരിസ്ഥിതിക പരിശോധന സർട്ടിഫിക്കറ്റും നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) ഇതിനായി വിദഗ്ധ കൺസൾട്ടൻസികളെ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) ഇതിനായി എന്തു നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (ബി) & (സി) | കെ.എസ്.ടി.പി. ഇപ്പോൾ തന്നെ വിദഗ്ധ കൺസൾട്ടൻസികളെ ഏർപ്പെടുത്തി ഗുണ നിലവാര പരിശോധന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ